**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 7589**

**15.07.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾക്കും മാനേജർമാർക്കും എതിരെ നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വായ്പ ഏതെല്ലാം ബാങ്കുകളാണ് നൽകുന്നതെന്ന് പറയാമോ; ഏതെല്ലാം കോഴ്സുകൾക്ക് എത്ര തുക വീതമാണ് വായ്പ അനുവദിക്കുന്നതെന്ന് പറയാമോ; | (എ) സംസ്ഥാനത്തെ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും വിദ്യാഭ്യാസ വായ്പ നൽകി വരുന്നു. സർക്കാർ അംഗീകാരമുള്ള എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും സർക്കാർ അംഗീകൃത ഫീസ് അനുസരിച്ചാണ് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്. |
| (ബി) വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നു പറയാമോ; ഇതിന് എന്തെല്ലാം ഈടുകളാണ് നൽകേണ്ടതെന്നു പറയാമോ; | (ബി) IBA യുടെ മാതൃകാ വിദ്യാഭ്യാസ വായ്പ പദ്ധതി പ്രകാരമാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പകൾ വിതരണം ചെയ്യുന്നത്. മാതൃകാ വിദ്യാഭ്യാസ വായ്പ പദ്ധതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

(------- 2)

(സി) വിദ്യാഭ്യാസ വായ്പയായി നാല് ലക്ഷം രൂപ വരെ നൽകണമെന്ന് റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുമ്പോൾ പല ബാങ്കുകളും 2.5 ലക്ഷം രൂപ പോലും നൽകുന്നില്ല എന്നതും പാൻകാർഡ്, പാസ്സ്പോർട്ട്, വസ്തുജാമ്യം തുടങ്ങിയ രേഖകൾ ആവശ്യപ്പെടുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം തുക കുറച്ചു നൽകുകയും അപേക്ഷകരായ വിദ്യാർത്ഥികളെ അനാവശ്യമായി രേഖകളും ജാമ്യവും ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുകയും വായ്പ നിഷേധിക്കുകയും ചെയ്യുന്ന ബാങ്കുകൾക്കും മാനേജർമാർക്കും എതിരെ നടപടി സ്വീകരിക്കുമോ?

(സി) & (ഡി) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ അതാതു ബാങ്കുകളുടെ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**